## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2296** **05.02.2018-ൽ മറുപടിക്ക്**

**ചെക്ക്പോസ്റ്റുകൾ നിർത്തലാക്കാനുള്ള സാഹചര്യം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | കർശനമായ നിരീക്ഷണ സംവിധാനമില്ലാതെ ചെക്ക്പോസ്റ്റുകൾ നിർത്തലാക്കാനുള്ള സാഹചര്യം വ്യക്തമാക്കാമോ; ഇതുമൂലം എത്ര രൂപയുടെ നികുതി വരുമാനമാണ് നടപ്പുസാമ്പത്തിക വർഷം നഷ്ടമായത് എന്ന് വ്യക്തമാക്കാമോ; | (എ) | ജി.എസ്.ടി നിയമം നടപ്പിലായതോടുകൂടി ചെക്ക്പോസ്റ്റുകൾക്ക് നിയമപ്രാബല്യ മില്ലാതായി. ഇ-വേ ബിൽ സമ്പ്രദായം ഫലപ്രദമായി നടപ്പിലാകുന്നതുവരെ ചെക്ക്പോസ്റ്റുകൾ തുടരാൻ അനുവദിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം അംഗീകരിക്കപ്പെട്ടില്ല. ജി.എസ്.ടി നടപ്പിലാകുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നായിരുന്നു ധാരണ. ഇത് നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും വിജ്ഞാപനം പുറപ്പെടുവിക്കാനുണ്ടായ കാലതാമസം, ചെക്ക് പോസ്റ്റ് നിർത്തലാക്കിയതിനെ തുടർന്ന് നികുതിവെട്ടിപ്പിന് കാരണമായിട്ടുണ്ട്. എന്നാൽ ജി.എസ്.ടി നടപ്പിലായതിനെ തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തേക്കുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തിന് കേവലമായി നികുതി വരുമാന നഷ്ടമുണ്ടായതായി കണക്കാക്കാനാവില്ല. |

—2

| | | | |
|---|---|---|---|
| (ബി) | എത്ര രൂപയ്ക്ക് മുകളിൽ വരുന്ന ചരക്കുകളാണ് ജി.എസ്.ടി.എൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടത് ; ഇവ എത്ര കിലോമീറ്റർവരെ കൊണ്ടു പോകുവാനാണ് കഴിയുന്നത് എന്നറിയിക്കാമോ ? | (ബി) | ഇ-വേ ബിൽ സമ്പ്രദായത്തിൽ 50,000/- രൂപയ്ക്ക് മുകളിൽ മൂല്യമുള്ള പ്രത്യേകമായി ഒഴിവാക്കിയിട്ടില്ലാത്ത ചരക്കുകളുടെ കൈമാറ്റങ്ങൾക്ക് ഇ-വേ ബിൽ നിർബന്ധമാണ്. 10 കിലോമീറ്ററിന് മുകളിലുള്ള ചരക്കുനീക്കത്തിന് വാഹനനമ്പർ കൂടാതെയുള്ള ഇ-വേ ബില്ലിന് സാധുതയില്ല. ഓരോ 100 കിലോമീറ്ററിനും ഒരു ദിവസം എന്നതാണ് ഇ-വേ ബില്ലിന്റെ കാലാവധി. |

**സെക്ഷൻ ഓഫീസർ**